PDF processed with CutePDF evaluation edition www.CutePDF.com

നമ്പർ/505/എസ്.ഐ.ഡി/സ്പെഷ്യൽ അങ്കണവാടി/2014

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ തിവനന്തപുരം,
തിയ്യതി 02/03/2015

**സർക്കുലർ**

വിഷയം: കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന സ്പെഷ്യൽ അങ്കണവാടി പൈലറ്റ് പ്രോജക്ട് – ജില്ലയിലെ സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച്

സൂചന : 1. 29/3/2014 ലെ ഗവ. ഉത്തരവ് നമ്പർ 229/2014/സ.നീ.വ.
2. 17/12/2015 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ /505/എസ്.ഐ.ഡി/സ്പെഷ്യൽ അങ്കണവാടി/2014 നമ്പർ നടപടിക്രമം

ഭിന്നശേഷിയുള്ള കുട്ടികൾക്ക്, പ്രത്യേകിച്ച് മാനസിക വളർച്ചാ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പരിചരണവും നൽകുന്നതിനുള്ള സവിശേഷ അങ്കണവാടികൾ സംസ്ഥാനത്ത് ആകമാനം സ്ഥാപിക്കുന്നതിന് മുന്നോടിയായി ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ 25 അങ്കണവാടികളിൽ ' പൈലറ്റ് 'ചെയ്യുകയാണ്. സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായുള്ള സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്(എസ് ഐ ഡി), ഇംഹാൻസ് കോഴിക്കോട് മെഡിക്കൽ കോളേജിലെ ശിശു ചികിൽസാ വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി കോഴിക്കോട് ജില്ലയിലെ നിലവിലുള്ള 25 അങ്കണവാടികൾ സ്പെഷ്യൽ അങ്കണവാടികളായി തിരഞ്ഞെടുക്കുകയും ഓരോ അങ്കണവാടികളിലും ഓരോ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ അങ്കണവാടി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ❖ നിലവിലുള്ള ഐ സി ഡി എസ് പ്രോജക്ടിന്റെ ഭാഗമായിട്ടായിരിക്കും സവിശേഷ അങ്കണവാടികൾ പ്രവർത്തിക്കുന്നത്. സവിശേഷ അങ്കണവാടികളുടെ വിജയകരമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ സഹകരണങ്ങളും ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ജില്ലാ പ്രോഗ്രാം ഓഫീസർ, സി.ഡി.പി.ഒ മാർ, സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർമാർ എന്നിവർ നൽകേണ്ടതാണ്.

- ❖ സി.ഡി.പി.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ എന്നിവരുടെ നിയന്ത്രണത്തിലായിരിക്കും സവിശേഷ അങ്കണവാടികളിൽ നിയമിച്ചിട്ടുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രവർത്തിക്കുന്നത്. ഇവർക്കാവശ്യമായ എല്ലാ സഹകരണവും നൽകുന്നതിന് സ്പെഷ്യൽ അങ്കണവാടികളായി തിരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളിലെ വർക്കർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

- ❖ സവിശേഷ അങ്കണവാടികളിൽ എത്തുന്ന ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ ചുമതല നിലവിലുള്ള അങ്കണവാടി വർക്കർക്കായിരിക്കും. ഇവർക്കാവശ്യമുള്ള പ്രത്യക പരിചരണം, തെറാപ്പികൾ എന്നിവ നൽകുന്ന ചുമതല സ്പെഷ്യൽ എഡ്യൂക്കേറ്റർക്കും ആയിരിക്കും.

- ❖ രണ്ടാഴ്ച്ചയിലൊരിക്കലെങ്കിലും സൂപ്പർവൈസർമാരും, മാസത്തിലൊരിക്കലെങ്കിലും സി.ഡി.പി.ഒ മാരും സ്പെഷ്യൽ അങ്കണവാടികൾ സന്ദർശിക്കേണ്ടതും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുമാണ്.

- മാസത്തിലൊരിക്കൽ, സി.ഡി.പി.ഒ മാർ, സൂപ്പർ വൈസർമാർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ യോഗം ജില്ലാ പ്രോഗ്രാം ഓഫീസർ വിളിക്കേണ്ടതും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഓരോ സ്പെഷ്യൽ അങ്കണവാടികളുടേയും പ്രവർത്തനം സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്കും, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ പ്രോജക്ട് ഡയറക്ടർക്കും നൽകേണ്ടതാണ്.

- ഓരോ സ്പെഷ്യൽ അങ്കണവാടികളിലും എത്തുന്ന കുട്ടികളുടെ വിശദ വിവരങ്ങളും, രക്ഷിതാക്കളുടെ ഫോൺ നമ്പരും അടങ്ങുന്ന ഒരു ഡേറ്റാ ബേയ്സ് തയ്യാറാക്കി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ സൂക്ഷിക്കേണ്ടതും, ആയതിന്റെ ഒരു പകർപ്പ് സൂപ്പർവൈസർമാർക്കും, സി.ഡി.പി.ഒ.യ്ക്കും നൽകാനുമുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.

- സ്പെഷ്യൽ എഡ്യുക്കേറ്റർമാർ സ്പെഷ്യൽ അങ്കണവാടികളിൽ കുട്ടികൾക്ക് പരിചരണം നൽകുന്ന ദിവസങ്ങളിലൊഴികെയുള്ള ദിവസങ്ങളിൽ ഇവർ ഏതൊക്കെ മറ്റ് അങ്കണവാടികളിലാണ് പോകുന്നത് എന്നത് സംബന്ധിച്ച ഒരു മുൻകൂർ യാത്രാ പരിപാടി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരിൽ നിന്നും വാങ്ങേണ്ടതും അതനുസരിച്ച് ഇവർ പോകുന്നുണ്ടോ എന്ന വിവരം സൂപ്പർ വൈസർമാർ വഴി സി.ഡി.പി.ഒ മാർ പരിശോധിക്കേണ്ടതുമാണ്.

- സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ഹാജർ അവരെ നിയമിച്ചിട്ടുള്ള അങ്കണവാടികളിൽ രേഖപ്പെടുത്തിന്നതിനും മറ്റ് അങ്കണവാടികളിൽ ഇവർ പോകുന്ന ദിവസങ്ങളിൽ പ്രസ്തുത അങ്കണവാടികളിൽ ഹാജർ രേഖപ്പെടുത്താനുള്ള സൗകര്യവും സി.ഡി.പി.ഒ മാർ ചെയ്യേണ്ടതാണ്.

- സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ പ്രതിമാസ പ്രവർത്തന ഡയറി മുന്നാമത്തെ പ്രവർത്തി ദിവസത്തിന് മുൻപായി സൂപ്പർ വൈസർമാർ മുഖേന സി.ഡി.പി.ഒ ലഭ്യമാക്കേണ്ടതും, സി.ഡി.പി.ഒ. ആവശ്യമായ ശുപാർശയോടെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ തിരുവനന്തപുരത്തെ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം വിതരണം ചെയ്യുന്നത്.

- എസ് ഐ ഡി, ഇംഹാൻസ് എന്നിവ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും, അവലോകന യോഗങ്ങളിലും ആവശ്യാനുസരണം ജില്ലയിലെ സാമൂഹ്യ നീതി വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതാണ്.

ഡയറക്ടർ

പ്രോഗ്രാം ഓഫീസർ, ഐ സി ഡി എസ് സെൽ, കോഴിക്കോട്
കോഴിക്കോട് ജില്ലയിലെ എല്ലാ സി ഡി പി ഒ മാർക്കും
കോഴിക്കോട് ജില്ലയിലെ എല്ലാ സുപ്പർവൈസർമാർക്കും ( സി ഡി പി ഒ മാർ മുഖേന)

പകർപ്പ്

1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ഐ സി ഡി എസ് മിഷൻ
2. ജില്ലാ കലക്ടർ, കോഴിക്കോട്
3. ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്
4. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട്
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്